# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2425. 07-10-2016 ൽ മറുപടിയ്ക്ക്

## നെൽപാടങ്ങളുടെ വീണ്ടെടുപ്പ്-മൂലധനച്ചെലവ്

**ചോദ്യം**
ശ്രീ.ജോർജ് എം. തോമസ്

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെൽപാടങ്ങളുടെ വീണ്ടെടുപ്പ്-മൂലധന ചെലവ് സർക്കാർ വഹിക്കുന്നതിനും നെല്പാടങ്ങളിൽ കൃഷി ചെയ്ത കമുക്, രോഗ ബാധിച്ചതുമൂലം വെട്ടി മാറ്റുന്നതിനും വീണ്ടും നെൽപാടങ്ങളാക്കുന്നതിനും പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (എ) യും (ബി) യും | നെല്പാടങ്ങളുടെ വീണ്ടെടുപ്പ് - മൂലധനച്ചെലവ് സർക്കാർ വഹിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷമുള്ള നെല്പാടങ്ങളുടെ പരിവർത്തനം ടി ആക്ടിലെ വ്യവസ്ഥകൾ പ്രകാരമാണ് പരിഗണിക്കുന്നത്. ആക്ടിലെ 13-ാം വകുപ്പ് പ്രകാരം വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് രൂപാന്തരപ്പെടുത്തിയ നെൽ വയൽ പൂർവ്വ അവസ്ഥയിൽ കൊണ്ടുവരുന്നതിനായി കളക്ടർക്ക് ഉചിതമായ നടപടി സ്വീകരിക്കാമെന്നും ഇതിലേക്കായി ചെലവഴിക്കേണ്ടിവരുന്ന തുക പ്രസ്തുത നെൽവയലിന്റെ അനുഭവക്കാരനിൽനിന്നോ അധിവാസിയിൽ നിന്നോ, അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ അവസരം നൽകിയശേഷം ഈടാക്കാമെന്ന് വ്യവസ്ഥയുണ്ട്. 2008-നു മുമ്പുള്ള പരിവർത്തനപ്പെട്ടത്തലുകൾ കേരള ലാന്റ് യൂട്ടിലൈ സേഷൻ ഓർഡർ പ്രകാരമാണ് കളക്ടർമാർ തീരുമാനം കൈക്കൊണ്ടുവരുന്നത്. |
| (ബി) | വീണ്ടും നെൽപാടങ്ങളാക്കുന്നതിനുള്ള മൂലധനച്ചെലവ് വഹിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന് നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ